# അനുബന്ധം

അനുബന്ധം I

## സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ സംബന്ധിച്ച ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. The Rights of Persons With Disabilities Act, 2016 (RPWD Act)-ലെ വ്യവസ്ഥകൾ ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ഭിന്നശേഷിക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ചുകൊണ്ടും RPWD ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായും വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി

വകുപ്പ് മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് മുഖേന പ്രീ-സ്കൂൾ തലത്തിൽത്തന്നെ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും പരിചരണവും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്പെഷ്യൽ അങ്കണവാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികൾ, നൈപുണ്യ വികസനം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ സെന്ററുകൾ, ചൈൽഡ് ഡെവലപ്മെന്റ് റിസർച്ച് സെന്റർ, ഓട്ടിസം സ്ക്രീനിംഗ്, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കും ഡോക്ടർമാർക്കുമുള്ള വിദഗ്ധ പരിശീലനം, നൈപുണ്യവികസനം തുടങ്ങിയവ നടപ്പാക്കുന്ന സ്പെക്ട്രം (SPECTRUM) പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS-ലും

ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഘട്ടംഘട്ടമായി എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്റർ പ്രവർത്തിച്ചുവരുന്നു.

കൂടാതെ നിഷിലും ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഉൾച്ചേർക്കൽ വിദ്യാഭ്യാസമെന്ന നയത്തിലൂന്നി ആരംഭിച്ച പദ്ധതികളിലൊന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. 84 സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്കുവേണ്ട സൗഹൃദാന്തരീക്ഷം

ഉണ്ടാക്കുന്നതിനുപുറമേ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യം വർദ്ധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ.-കളുടെ കീഴിലെ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഡി.ഡി.ആർ.എസ്. ഗ്രാന്റ് ലഭിക്കുന്ന സ്കൂളുകൾ എന്നിവയ്ക്ക് 2019-20 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. 2023-2024 വർഷത്തിൽ ഗ്രാന്റിനായി അപേക്ഷ സമർപ്പിച്ചതിൽ സർക്കാർ ഉത്തരവുകൾപ്രകാരം അർഹതയുള്ള 275 സ്കൂളുകൾക്ക് 44,91,00,610/- (നാല്പത്തിനാല് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുന്നൂറ്റി പത്ത് രൂപ) സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജ് പദ്ധതിക്കായി 2024-25 വർഷം സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജിനായി 288 സ്കൂളുകളുടെ അപേക്ഷകളാണ് SS പോർട്ടൽവഴി ലഭ്യമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കിഴിലുള്ള ബഡ്സ് സ്കൂളുകൾക്കും പാക്കേജിൽ തുക അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷി വിദ്യാർഥികളുടെ പഠനപിന്തുണയ്ക്കായി വിവിധ

പരിപാടികൾ സമഗ്ര ശിക്ഷ കേരളം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്.

1. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

2. വെർച്വൽ ക്ലാസ്സ് മുറികൾ

3. ചങ്ങാതിക്കൂട്ടം

4. സ്പെഷ്യൽ കെയർ സെന്ററുകൾ

5. പർച്ചെയ്സ്/ഡെവലപ്മെന്റ് ഓഫ് ഇൻസ്പെക്ഷണൽ മെറ്റീരിയൽസ്

6. അലവൻസുകൾ (എസ്കോർട്ട് അലവൻസ്, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, ട്രാൻസ്പോർട്ട് അലവൻസ്)

7. മെഡിക്കൽ ക്യാമ്പ്

8. സഹായ ഉപകരണങ്ങളുടെ വിതരണം

9. സ്പോർട്സ് & എക്സ്പോഷർ വിസിറ്റ്

10. തെറാപ്പി സേവനങ്ങൾ

11. പഠന സാമഗ്രികൾ വികസിപ്പിക്കൽ

12 ഓഗ്മെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്

13. എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം

14 ഹെൽപ്പർ/ആയ/അറ്റൻഡന്റ്

15. സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം

16. ഇൻസർവീസ് ട്രെയിനിംഗ് ഫോർ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്

17. റിസോഴ്സ് റൂമുകൾക്കാവശ്യമായ ഉപകരണങ്ങൾ

എസ്.സി.ഇ.ആർ.ടി. മുഖേനയും ഇത്തരം കുട്ടികളുടെ പഠനപിന്തുണയ്ക്കായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. RPWD Act 2016 പ്രകാരം അംഗീകരിക്കപ്പെട്ട 21 ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ സ്കൂൾ തലത്തിൽ PRASHAST (പ്രശസ്ത്) സ്ക്രീനിങ് ടൂൾ ഉപയോഗിച്ച് സ്ക്രീൻ ചെയ്ത് കണ്ടെത്തുകയും അവർക്ക് വിവിധ തെറാപ്പികൾക്ക് സൗകര്യമൊരുക്കുകയും ചെയ്യുന്നു.

ക്ലാസ് മുറികളിൽനിന്നും കുട്ടികൾക്ക് ലഭിക്കുന്ന പഠന പ്രവർത്തനങ്ങൾ കൂടുതൽ അനുരൂപീകരണ സാധ്യതകൾ ഉൾപ്പെടുത്തി സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 1385 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയും

പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ചുനൽകിയിരുന്നു. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി SCERT-യുമായി ചേർന്ന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുകയും അതിൽ അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ബഡ്സ് സ്ഥാപനങ്ങളിലെത്തുന്ന കുട്ടികൾക്കും അമ്മമാർക്കുമായി ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിൽ ഉൾപ്പെടുത്തി 230 സ്ഥാപനങ്ങളിൽ ഉപജീവന പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ അനുവദിച്ചുനൽകി. പരിശീലനം പൂർത്തീകരിച്ച് ഉൽപ്പന്ന

നിർമ്മാണം ആരംഭിച്ചു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സഞ്ജീവനി-അഗ്രിതെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷി നടത്തുന്നു.

സാമൂഹ്യനീതി വകുപ്പിന്റേയും കോഴിക്കോട് സർവകലാശാലയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി നടപ്പാക്കിവരുന്നു.

സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന ഒഴിവാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശാ ഭവൻ, കൊല്ലത്ത് പ്രിയാ ഹോം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്നുമേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ

സ്ഥാപിക്കുമെന്ന് സർക്കാർ നയപ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള മുഴുവൻ വ്യക്തികൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സമഗ്ര ഇൻഷ്വറൻസ് നടപ്പാക്കിവരുന്നുണ്ട്.

RPWD Act 2016 സെക്ഷൻ 34 (1) പ്രകാരം, നിലിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന് 1% തൊഴിൽ സംവരണം നടപ്പാക്കിവരുന്നുണ്ട്. 1600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ, തീവ്ര ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 600/- രൂപ നിരക്കിൽ നൽകൽ എന്നീ ആനുകൂല്യങ്ങളും സർക്കാർ ലഭ്യമാക്കിവരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. ഇതിന് മാത്രമായി ഒരു കോടി രൂപ 2025-2026 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഓട്ടിസം സ്പെക്ട്രം

ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി 4 കോടി (400 ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയും ഈ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

എല്ലാ രീതിയിലും ബൗദ്ധിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള എല്ലാ ഭിന്നശേഷിക്കാരെയും അരികുവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗം ജനതയെയും ചേർത്തുപിടിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>അനുബന്ധം II</u>

<u>കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 304 പ്രകാരം ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള മറുപടി</u>

പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ച് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്ന കർഷകർ ഉൾപ്പെടെയുള്ള ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്ന വിഷയം സർക്കാർ വളരെ

പ്രാധാന്യത്തോടെയാണ് കാണുന്നത്. പട്ടയ വിഷയങ്ങൾക്ക് അതിന് അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിനായി റാന്നി നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന പട്ടയ വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടെ ചേർത്ത് സർക്കാർ പരിശോധിച്ചിട്ടുള്ളതും പട്ടയം നൽകുന്നതിനുള്ള പ്രശ്നപരിഹാരത്തിന് സാധ്യമായ നിർദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റാന്നി നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാനായി 17-01-2025-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹു.എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് പൊന്തൻപുഴ പട്ടയ പ്രശ്നം</u>

ആദ്യഘട്ട ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയായപ്പോൾ പെരുമ്പെട്ടി വില്ലേജിൽ പട്ടയം ലഭിക്കാനുള്ള കൈവശങ്ങൾ വലിയകാവ്

റിസർവിനും ജണ്ടയ്ക്കും പുറത്തായാണ് സ്ഥിതി ചെയ്യുന്നതെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പെരുമ്പെട്ടി, അങ്ങാടി, ചേത്തക്കൽ എന്നീ വില്ലേജുകളിലായാണ് വലിയകാവ് റിസർവ് സ്ഥിതി ചെയ്യുന്നത്. പെരുമ്പെട്ടി വില്ലേജിൽ 540.4605 ഹെക്ടറും അങ്ങാടി വില്ലേജിൽ 213.94 ഹെക്ടറും ചേത്തക്കൽ വില്ലേജിൽ 10.1880 ഹെക്ടറും (മുൻ സർവെ 283/1 & റീസർവെ 174 മുതൽ 211 വരെ) വനഭൂമി ഉൾപ്പെട്ടുവരുന്നതായാണ് ഡിജിറ്റൽ സർവെ പൂർത്തിയായപ്പോൾ മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. ഫോറസ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കറാണ്. മൂന്ന് വില്ലേജുകളിലായി ഡിജിറ്റൽ സർവെയിൽ കണ്ടെത്തിയിട്ടുള്ള വനത്തിന്റെ വിസ്തൃതി 1889.29 ഏക്കറാണ്. ഇത് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വന വിസ്തൃതിയേക്കാൾ വളരെ കൂടുതലാണ്. പെരുമ്പെട്ടി, ചേത്തക്കൽ വില്ലേജുകളിൽ 9(2) വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. പെരുമ്പെട്ടി വില്ലേജിൽ മാത്രം നിലവിൽ 747 കൈവശക്കാരുടെ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

മുൻ സർവെ 283/1-ൽ ഉൾപ്പെട്ട ഭൂമിയുടെ ഇനം സെറ്റിൽമെന്റ് രജിസ്റ്ററിൽ 'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'റിസർവ്'

എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജണ്ടയ്ക്കും, റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വിസ്തീർണത്തിനും അതിർത്തിക്കും പുറത്തുള്ളതും ബി.റ്റി.ആർ.-ലെ റിമാർക്സ് കോളത്തിൽ 'RF' (റിസർവ് വനം) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയുടെ ബി.റ്റി.ആർ.-ലെ 'RF' എന്ന റിമാർക്സ് കോളത്തിലെ രേഖപ്പെടുത്തൽ മാറ്റുന്നതിനും 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പായി മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പട്ടയ പ്രശ്നം</u>

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 3430.69 ഏക്കർ ഭൂമിയുടെ ഇനം 'പുറമ്പോക്ക്' എന്നും റിമാർക്സിൽ 'റിസർവ്' എന്നും രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഭൂമിക്ക് പട്ടയം അനുവദിക്കുന്ന വിഷയത്തിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചതിനെത്തുടർന്നാണ് പട്ടയ നടപടികൾ തടസ്സപ്പെട്ടിട്ടുള്ളത്. എന്നാൽ, ഈ ഭൂമി വന അതിർത്തി പങ്കിടാത്ത പ്രദേശമാണ്. നിലവിൽ പ്രസ്തുത സ്ഥലത്ത് ഡിജിറ്റൽ സർവെ നടപടി പൂർത്തീകരിച്ചിട്ടുള്ളതും 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും റിമാർക്സ് കോളത്തിൽ കൈവശങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ഈ പ്രദേശത്ത് ഉൾപ്പെടുന്ന 24.0487 ഹെക്ടർ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ WP(C) 27193/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിലെ 07-11-2024-ലെ ഉത്തരവിൽ ഭൂമി 6 മാസത്തിനുള്ളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അടിയന്തരമായി തുടർനടപടികൾ പൂർത്തീകരിക്കുന്നതിന് നിർദേശം നൽകി ഉത്തരവായിട്ടുള്ളതുമാണ്.

എന്നാൽ, 17-01-2025-ന് നടന്ന യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും പരാമർശ ഭൂമി ജണ്ടയ്ക്ക് പുറത്തായതിനാൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വന അതിർത്തി പങ്കിടാത്ത പ്രദേശമായതിനാലും നിലവിൽ വനം വകുപ്പ് തടസ്സങ്ങൾ ഉന്നയിക്കാത്തതിനാലും ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വന അതിർത്തി ഉന്നയിക്കാത്തതിനാലും പട്ടയ നടപടികളുമായി മുന്നോട്ടുപോകാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

<u>റാന്നി താലൂക്കിൽ ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ കോളനി പട്ടയ പ്രശ്നം.</u>

റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹിന്ദു-മലവേട സമുദായക്കാരായ 38 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ആകെ 76 ഏക്കർ ഭൂമി അനുവദിച്ച പ്രദേശമാണ് വലിയപതാൽ ഗിരിവർഗ്ഗ കോളനി. 1968-ൽ ഭൂമി അനുവദിക്കുകയും 1974-ൽ 12 കുടുംബങ്ങൾക്ക് പട്ടയം നൽകി ടിയാൾക്കാർ കരം ഒടുക്കിയിട്ടുള്ളതുമാണ്. ശേഷിച്ച 26 കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിന് മുമ്പുതന്നെ മറ്റ് ഇതര സമുദായക്കാർക്ക് ഭൂമി കൈമാറി ടി സ്ഥലം വിട്ടുപോയിട്ടുള്ളതാണ്.

നിലവിൽ ടി ഭൂമിയിൽ 298 കൈവശക്കാരുള്ളതിൽ 56 കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്നവരാണ്. ഒരിക്കൽ പട്ടയം അനുവദിച്ച ഭൂമിക്ക് വീണ്ടും പട്ടയം അനുവദിക്കുന്നതിനെ സംബന്ധിച്ചും പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച ഭൂമി മറ്റിതര വിഭാഗക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ചും നിലനിന്നിരുന്ന നിയമപ്രശ്നം 17-01-2025-ന് നടന്ന യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act, 1999-

ലെ സെക്ഷൻ (5) പ്രകാരം 01-01-1960-നും 24-01-1986-നും ഇടയിൽ നടന്ന 2 ഹെക്ടർ വരെയുള്ള ഭൂമി കൈമാറ്റങ്ങൾ സാധുവാണെന്നതിനാൽ റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, വൈദ്യുതി ബില്ലുകൾ, വോട്ടർ ഐ.ഡി. മുതലായ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗക്കാർ അല്ലാതെയുള്ള മറ്റ് കൈവശക്കാർക്ക് ഭൂമി കൈവശം വന്നത് 01-01-1960-നും 24-01-1986-നും ഇടയിലാണോയെന്ന് കണ്ടെത്തി അർഹത പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്.

കൂടാതെ 'ട്രൈബൽ സെറ്റിൽമെന്റ്' എന്നുള്ള രേഖപ്പെടുത്തലുകളൊന്നും തന്നെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.റ്റി. ആക്റ്റിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും 02-06-2020-ലെ സ.ഉ.(സാധാ)നം.2020/2020/ആർ.ഡി., 04-11-2023-ലെ സ.ഉ.(സാധാ) നം.3966/2023/ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ, 02-02-2024-ലെ REV-A3/404/2018 നമ്പർ സർക്കാർ കത്ത് എന്നിവയിൽ പ്രസ്താവിച്ചിരിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ നടപടികൾ ആരംഭിക്കും.

റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിലെ എക്സ്-സർവ്വീസ് മെൻ കോളനി പട്ടയ പ്രശ്നം

വെച്ചൂച്ചിറ എക്സ്-സർവ്വീസ് മെൻ കോളനിക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 1500 ഏക്കർ ഭൂമിയിൽനിന്നും പട്ടയം കൊടുത്തത് കഴിച്ചുള്ള 300 ഏക്കർ ഭൂമിയിലെ 189.76 ഏക്കർ ഭൂമിയിലാണ് നിലവിൽ കൈവശങ്ങളുള്ളത്. കോളനി നിവാസികളിൽനിന്നും കരാർ ഉടമ്പടി പ്രകാരം ഭൂമി കൈമാറി വാങ്ങിയ എക്സ്-സർവീസ്മെൻ അല്ലാത്തവരായ കൈവശ കക്ഷികളും പ്രസ്തുത പ്രദേശത്ത് താമസിച്ചുവരുന്നു. ഏകദേശം 400-ന് മുകളിൽ കൈവശങ്ങൾ നിലവിലുണ്ട്. നിലവിലെ കൈവശക്കാരിൽ എക്സ്-സർവീസ്മെൻ അല്ലാത്തവരും ഉള്ളതിനാൽ, നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

റാന്നി താലൂക്കിലെ ട്രൈബൽ സെറ്റിൽമെന്റുകളിലെ (പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കാട്ടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കട്ടമീൻച്ചിറ, കുടമുരുട്ടി) പട്ടയ പ്രശ്നം.

റാന്നി താലൂക്കിലെ പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കാട്ടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കട്ടമീൻച്ചിറ, കുടമുരുട്ടി ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ പ്രശ്നം 02-06-2020-ലെ സ.ഉ. (സാധാ)നം.2020/2020/ആർ.ഡി, 04-11-2023-

ലെ സ.ഉ. (സാധാ)നം.3966/2023/ആർ.ഡി. ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഹരിക്കും. സെറ്റിൽമെന്റ് രജിസ്റ്ററിൽ ഭൂമിയുടെ ഇനം 'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'വനം' എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ, അത്തരം പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനായാണ് മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

<u>റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിലെ മുക്കുഴി, ചേത്തയ്ക്കൽ വില്ലേജിലെ അരയൻപാറ പ്രദേശങ്ങളിലെ പട്ടയപ്രശ്നം.</u>

ഒരിക്കൽ മിച്ചഭൂമി പട്ടയം അനുവദിച്ച ടി പ്രദേശങ്ങളിൽ വീണ്ടും പട്ടയം അനുവദിക്കുന്നതിനും ഏത് ചട്ടം പ്രകാരം പട്ടയം അനുവദിക്കണമെന്നതും സംബന്ധിച്ച് സർക്കാരിൽനിന്നും സ്പഷ്ടീകരണം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കാൻ റാന്നി നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 17-01-2025-ന് നടന്ന യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്.

<u>റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിലെ വലിയകുളം പ്രദേശത്തെ പട്ടയപ്രശ്നം.</u>

വില്ലേജ് രേഖകൾ പ്രകാരം സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ടി ഭൂമി

വെള്ളപ്പൊക്ക ബാധിതർക്കും ഭൂരഹിതരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി കേരള ഗവർണർ പേരിൽ വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്. സ്ഥലപരിശോധന നടത്തി പട്ടയം ലഭിച്ച് കരം അടയ്ക്കുന്നവരുടെ വിസ്തീർണം കണക്കാക്കി, ബാക്കിയുള്ള സ്ഥലം പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതും കൈവശ കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

<u>റാന്നി താലൂക്കിൽ പെരുനാട് വില്ലേജിലെ കണ്ണന്നുമൺ പ്രദേശത്തെ പട്ടയപ്രശ്നം</u>

പെരുനാട് വില്ലേജിൽ സർവ്വെ 900/1-ൽ ഉൾപ്പെട്ട 13.19 ഏക്കർ പ്രദേശം സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം തോട് പുറമ്പോക്കിൽ ഉൾപ്പെട്ടതാണ്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതിനാൽ, തോടുമായി അതിർത്തി പങ്കിടുന്ന കൈവശ ഭൂമി തോട്ടിൽനിന്നും 4 മീറ്റർ മാറ്റി കേരള ഭൂമി പതിവ് ചട്ടം 1964 സെക്ഷൻ 11(2) (v) പ്രകാരം കൈവശകക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു.

<u>വനഭൂമിപട്ടയം</u>

പത്തനംതിട്ട ജില്ലയിലെ കുടിയേറ്റ കർഷകർ കൃഷി ചെയ്ത് ജീവിച്ചുവരുന്നതും എന്നാൽ ഡിസ്-റിസർവ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാത്തതും വനത്തിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതുമായ പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനായി കോന്നി, റാന്നി, മല്ലപ്പള്ളി എന്നീ താലൂക്കുകളിൽ നിന്നായി ആകെ 1970.04 ഹെക്ടർ വനഭൂമി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. അതിൽ റാന്നി താലൂക്കിലെ കൊല്ലമുള, പെരുനാട്, വടശ്ശേരിക്കര, അത്തിക്കയം എന്നീ വില്ലേജുകളിലും മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലുമായി ആകെ 1038 കൈവശങ്ങളും 327.8737 ഹെക്ടർ വിസ്തീർണ്ണവും ഉൾപ്പെട്ടുവരുന്നു.

പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരുടെ 1977-നുമുമ്പുള്ള കയ്യേറ്റം തെളിയിക്കുന്നതിനുള്ള രേഖകൾ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ഇതിലേയ്ക്കായുള്ള നടപടിക്രമം, മാനദണ്ഡങ്ങൾ എന്നിവകൂടി സമർപ്പിക്കാൻ കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദേശം

നൽകിയിരുന്നതും ആയതുപ്രകാരം 1977-നുമുമ്പുള്ള കയ്യേറ്റമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഭൂമിയിൽ കുടിയേറ്റം നടത്തി കൈവശം വച്ചിരുന്ന ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്തവരാണെന്ന് കണ്ടെത്തിയിട്ടുള്ളതും 01-01-1977-നുമുമ്പുള്ള ലഭ്യമായ സ്കൂൾ രേഖകളും മറ്റ് അനുബന്ധരേഖകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് 15-10-2024-ന് ജില്ലാ കളക്ടർ നല്കിയിട്ടുള്ളതുമാണ്. ടി വിഷയത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.